LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ വികസന പദ്ധതി-കേന്ദ്ര ഗവൺമെന്റ് ഉറപ്പുകൾ

125 (1494) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ന്യൂനപക്ഷ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റ് നൽകിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നു ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ഉറപ്പുകൾ നേടിയെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾക്കായി നടപ്പാക്കുന്ന ബഹുമുഖ വികസന പദ്ധതികളിൽ സംസ്ഥാനത്തെ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രദേശങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പ്രത്യേക ഉറപ്പുകൾ ഒന്നുംതന്നെ നൽകിയിട്ടില്ല എന്നാൽ പ്രധാന മന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി രാജ്യവ്യാപകമായി നടപ്പിലാക്കുന്ന പദ്ധതികൾ സംസ്ഥാനത്തും നിർവ്വഹിച്ചുവരുന്നു.

(സി) ഉണ്ട്. 12-ാം പഞ്ചവത്സര പദ്ധതി പ്രകാരം എം.എസ്.ഡി.പി.യുടെ പുനരാവിഷ്കൃത മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾക്ക് പകരം സംസ്ഥാനത്ത് കൂടുതൽ ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്നതും സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ രംഗത്ത് പിന്നാക്കം നിൽക്കുന്നതുമായ 50 ബ്ലോക്കുകളും 379 ന്യൂനപക്ഷ കേന്ദ്രീകൃത ക്ലസ്റ്റർ വില്ലേജുകളും എം.എസ്.ഡി.പി.യിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളുടെയും ക്ലസ്റ്റർ വില്ലേജുകളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരണം

126 (1495) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ; പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.